DESPATCHED
On...10/06/2020

20/03/2020.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 1893*(2)/2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **14987** /*എസ്.ഐ.സി–ജി 6/19*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.പി.എസ്.മുഹമ്മദ് നിസ്സാർ,
പുത്തൻപുരയ്ക്കൽ വീട്,
അതിരമ്പുഴ, കോട്ടയം,
പിൻ – 686 562.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ചീഫ് പേഴ്സണൽ ഓഫീസർ&
I/C ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ,
കേരള ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,
വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
ചീഫ് എഞ്ചിനീയർ (ആർ.ഇ.ഇ.എസ്.),
കേരള ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,
വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 06.06.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 15.07.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 09.08.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 30.08.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 14.09.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 18.09.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 14.01.2020 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

# ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.പി.എസ്.മുഹമ്മദ് നിസാർ, 14.09.2019ന് സമർപ്പിച്ച അപ്പീൽ ഹർജി 18.09.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1893(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 06.06.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 15.07.2019ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 09.08.2019ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 30.08.2019ന് മറുപടി നൽകിയതായും കാണുന്നു.

4. കെ.എസ്.ഇ.ബി. ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ എസ്.പി.ഐ.ഒ. 28.10.2019ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ 06.06.2019ന് വൈദ്യുത മന്ത്രിയുടെ ഓഫീസിൽ സമർപ്പിച്ച 15 ചോദ്യങ്ങൾ അടങ്ങിയ അപേക്ഷ ടി ഓഫീസിൽ ലഭിക്കുകയും ടി അപേക്ഷയിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ വൈദ്യുത മന്ത്രിയുടെ കാര്യാലയത്തിൽ ലഭ്യമല്ലാത്തതിനാൽ ടി അപേക്ഷയിന്മേൽ നടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ടുവെന്നുമാണ്. ടി അപേക്ഷ 18.06.2019ന് സി.പി.ആർ.ഒ.& എസ്.പി.ഐ.ഒ., ഡയറക്ടർ(ഡിസ്ട്രിബ്യൂഷൻ & ഐ.റ്റി.) യുടെ കാര്യാലയത്തിലേയ്ക്ക് കൈമാറുകയും 22.06.2019ന് മറുപടി ലഭ്യമാവുകയും ചെയ്തുവെന്നും പ്രസ്തുത മറുപടിയിൽ ടി അപേക്ഷയിലെ 7 മുതൽ 12 വരെയുള്ള ചോദ്യങ്ങളുടെ മറുപടി ഉൾക്കൊള്ളിച്ചിരുന്നുവെന്നും 1, 2, 3, 4, 5, 6, 14, 15 എന്നീ ചോദ്യങ്ങളുടെ മറുപടി പാലാ ഇലക്ട്രിക്കൽ സർക്കിൾ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭ്യമാക്കേണ്ടതാണെന്നു അറിയിച്ചതു പ്രകാരം മേൽപ്പടി ചോദ്യങ്ങൾക്കുള്ള മറുപടി പാലാ ഇലക്ട്രിക്കൽ സർക്കിൾ ഓഫീസിൽ നിന്നും ലഭ്യമാക്കിയെന്നുമാണ്. പ്രസ്തുത കത്തിലെ വിവരങ്ങളും ക്രമനമ്പർ 7,8,9,10,11,12 എന്നീ ഇനങ്ങളെ സംബന്ധിക്കുന്ന വിവരങ്ങളും ചോദ്യം 13 വ്യക്തമല്ലെന്നു ഹർജിക്കാ

രനെ അറിയിച്ചുവെന്നുമാണ്. തുടർന്ന് 09.08.2019ൽ ഫയൽ ചെയ്ത അപ്പീൽ 13.08.2019ൽ ലഭിച്ചുവെന്നും ടിയാന്റെ അപ്പീലിൽ 7 മുതൽ 13 വരെയുള്ള ചോദ്യ ങ്ങളെ സംബന്ധിക്കുന്ന അധിക വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും ആയതു സംബന്ധിച്ച മറുപടി ഹർജിക്കാരനു നൽകി അപ്പീൽ തീർപ്പാക്കിയെന്നു മാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബ ന്ധിതമായി മറുപടി നൽകിയിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, അവ്യക്തമായ വായിച്ചെടു ക്കാൻ പറ്റാത്ത വിധത്തിലുള്ള അപേക്ഷയാണ് ടിയാൻ സമർപ്പിച്ചിരിക്കുന്ന തെന്നും വൈദ്യുത മന്ത്രിയുടെ ഓഫീസിൽ നിന്നും 14.06.2019നാണ് ടിയാന്റെ അപേക്ഷ കൈമാറി വന്നതെന്നും ഹർജിക്കാരന്റെ പരാതി ഇപ്പോൾ പരിഹരിച്ചു വെന്നുമാണ്. എന്നാൽ ഹർജിക്കാരൻ 06.06.2019ൽ വൈദ്യുത മന്ത്രിയുടെ ഓഫീസിൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലെങ്കിൽ വിവരം നിക്ഷിപ്തമായ ഓഫീസിലേയ്ക്ക് വിവരാവകാശ നിയമം 6(3) വകുപ്പുപ്രകാരം 5 ദിവസത്തിനകം കൈമാറണമെന്നിരിക്കെ അപ്രകാരം എസ്.പി.ഐ.ഒ. പ്രവർത്തിച്ചതായി കാണുന്നില്ല. എന്നിരുന്നാലും ഹർജിക്കാരന്റെ പരാതി പരിഹരിച്ചതായി കെ.എസ്.ഇ.ബി. ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ എസ്.പി.ഐ.ഒ. മൊഴി നൽകിയ സാഹചര്യത്തിൽ കമ്മീഷൻ നടപടിയ്ക്ക് മുതി രുന്നില്ല. **എങ്കിലും ഇത്തരം വീഴ്ചകൾ ആവർത്തിക്കാൻ പാടുള്ളതല്ല എന്ന് കമ്മീഷൻ വൈദ്യുത മന്ത്രിയുടെ ഓഫീസിലെ എസ്.പി.ഐ.ഒ.യ്ക്ക് താക്കീതു നൽകുന്നു.**

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 20–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

Ge/